# ഭൈഷജ്യരത്നാവലി: അനുഭവവിവരണം

**എസ്. പരമേശ്വരൻ**

കേരളീയരുടെ സഹസ്രയോഗത്തിന്റെ മാതിരി ഫലസിദ്ധിയുള്ള അനവധി യോഗരത്നങ്ങളെ സമാഹരിച്ചെഴുതിയിട്ടുള്ള ഒരുത്തമ ചികിത്സാഗ്രന്ഥമാണ് ഭൈഷജ്യരത്നാവലി. "സകലായുർവ്വേദശാസ്ത്ര പരിശീലനപരായണ" നായ ശ്രീ ഗോവിന്ദദാസാണ് ഇതിന്റെ കർത്താവ്. ഗ്രന്ഥത്തിൽ ശാർങ്ഗധരസംഹിതയ്ക്ക് ശേഷമാണ് ഇതെഴുതിയിട്ടുള്ളതെന്നു കരുതാം. പതിമൂന്നാംശതകത്തിന്റെ പൂർവ്വാർദ്ധമാണ് ശാർങ്ഗധരത്തിന്റെ രചനാ കാലമായി പണ്ഡിതന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നത്.

ചരകസുശ്രുതങ്ങളൊ അഷ്ടാംഗഹൃദയമോ പഠിച്ച് ആയുർവ്വേദ വിശാരദത്വം നേടിയവർക്ക് ചികിത്സാരംഗത്ത് ഒരു കൈപ്പുസ്തകമായി ഉപകരിക്കണമെന്ന വിചാരത്തോടുകൂടിയാണ് ശ്രീ ഗോവിന്ദാചാര്യർ തന്റെ ഗ്രന്ഥം നിബന്ധിച്ചിരിക്കുന്നത്. അതുകാരണം മൗലീകസിദ്ധാന്തങ്ങൾ വിസ്തരിച്ചെഴുതിയിട്ടില്ല. എന്നാൽ അത്യാവശ്യം വേണ്ടുന്നവ സന്ദർഭോചിതമായി പറഞ്ഞിട്ടുമുണ്ട്. പ്രഥമാദ്ധ്യായത്തിൽ തന്നെ ആയുർവ്വേദലക്ഷണം, നിരുക്തി, ആയുർവ്വേദഉല്പത്തി, ഭൈഷജ്യകല്പന മുതലായ കാര്യങ്ങളെ സംഗ്രഹിച്ചെഴുതിയിട്ടുണ്ട്.

ചികിത്സകർ എത്ര സമർത്ഥനായാലും രോഗനിരാകരണത്തിന് പ്രധാനമായത് ഔഷധമാണല്ലോ. അതുകൊണ്ട് ഔഷധം ഉൽകൃഷ്ടമാകുന്നതിലേക്ക്, അതുണ്ടാക്കുന്നതിനുള്ള അസംസ്കൃത ദ്രവ്യങ്ങൾ ശേഖരിക്കുമ്പോൾ അറിഞ്ഞാചരിക്കേണ്ട അനുഷ്ഠാനങ്ങളെ കുറിച്ച്

*"പ്രശസ്തംദേശസംഭൂതം പ്രശസ്ത്യേ।ഹനിചോദ്ധൃതം*
*അല്പമാത്രം മഹാവീര്യം ഗന്ധവർണ്ണരസാന്വിതം*
*ഉദ്ഭിജ്ജമപരിക്ഷുണ്ണം ശുദ്ധം ധാത്വാദികം തഥാ*
*സമീക്ഷ്യകാലേദത്തശ്ചപ്രാഹുപരമൌഷധം"* എന്നിങ്ങനെ ഉപദേശിച്ചിരിക്കുന്നു.

ഔഷധദ്രവ്യം പ്രശസ്തമായ സ്ഥലത്ത്, അതായത് ഓരോ തരം ഔഷധവും അതതിന്റെ സ്വാഭാവികതയോടെ വളരുന്നിടത്തുള്ളതായിരിക്കണം. അത് പറിക്കേണ്ടത് ജ്യോതിശാസ്ത്രോക്തമായിരിക്കുന്ന ശുഭനക്ഷത്രതിഥികളോടു കൂടിയ ദിവസത്തിലായിരിക്കണം. ഔഷധങ്ങൾക്ക് പുഷ്പകാലം, ഫലകാലം, പ്രായം, അതതിന്റെ രസഗന്ധവർണ്ണങ്ങൾ ഉണ്ടാവുക തുടങ്ങിയുള്ള അവസ്ഥാന്തരങ്ങളുണ്ടല്ലോ, അതൊക്കെ പരിഗണിച്ചിട്ടാവണം മരുന്നു സംഗ്രഹിക്കേണ്ടത്. കീടാദികളോ, പക്ഷിമൃഗാദികളോ ഭക്ഷിച്ചു കേടുവരുത്തിയതാവരുത്. ധാതുദ്രവ്യങ്ങളും മറ്റും വിധിയാം വണ്ണം ശുദ്ധി ചെയ്തതായിരിക്കണം. വിധിപ്രകാരം ദ്രവ്യങ്ങൾ ശേഖരിച്ചതു കൊണ്ടുമാത്രമായില്ല. *"മതിമാൻ വൈദ്യം പാകേ നിയോജയേൽ"* എന്നും നിഷ്കർഷിച്ചിട്ടുണ്ട്. വൈദ്യശാസ്ത്രം അറിയുന്നവനും ബുദ്ധിമാനും പാകക്രമങ്ങളെ കണ്ടറിഞ്ഞിട്ടുമുള്ള പരിചയസമ്പന്നനെയായിരിക്കണം മരുന്നുണ്ടാക്കാൻ നിയോഗിക്കേണ്ടത്.

*"യോഗം വിശേഷമെന്നാലും പാകത്തിൽതാൻ ഫലസ്ഥിതി*
*അതിനാൽ തന്മനസ്സാക വേണമൌഷധപാചകൻ"*

എന്നുള്ള ശ്രീ. പി. എം. ഗോവിന്ദൻ വൈദ്യരുടെ ഉപദേശം ഈ സന്ദർഭത്തിൽ ഓർമ്മയിൽ വരുന്നു. കേരളത്തിലെ പൂർവ്വവൈദ്യന്മാർ വളരെ ശ്രദ്ധയോടെ, ഭക്തിപൂർവ്വം സുമുഹൂർത്തങ്ങൾ നോക്കി സിദ്ധമന്ത്രങ്ങൾ ജപിച്ചിട്ടുമൊക്കെയായിരുന്നു ഔഷധങ്ങൾ കൈകാര്യം ചെയ്തിരുന്നത്. അന്ന് അതിന്റെയൊക്കെ ഫലമായി മരുന്നുകൾക്ക് ഒരുൽകൃഷ്ട പ്രഭാവം പകർന്നു കിട്ടിയിരുന്നു. ഇതിനെയാണ് വൈദ്യന്റെ കൈപുണ്യമെന്നൊക്കെ വ്യവഹരിച്ചിരുന്നത്.

ചികിത്സാക്രമത്തെ സംബന്ധിച്ച്,

*"രോഗമാദൌ പരീക്ഷേത തതോനന്തരമൌഷധം*

*തതഃ കർമ്മഭിഷക് പശ്ചാത് ജ്ഞാനപൂർവ്വം സമാചരേത്"*

*"യഥാ വിഷം യഥാശസ്ത്രം യഥാഗ്നിരശനിർയഥാ*

*തഥൌഷധ മവിജ്ഞാതം വിജ്ഞാതമമൃതം തഥാ"*

രോഗനിർണ്ണയം ചെയ്യാതെ കൊടുക്കുന്ന ഔഷധം കൊണ്ട് ഉണ്ടായേക്കാവുന്ന കഷ്ടസ്ഥിതിയെയും അറിഞ്ഞ് കൊടുത്താൽ ലഭ്യമാകുന്ന അമൃതസിദ്ധിയെയും പറ്റി സംശയരഹിതമായി പറഞ്ഞുവച്ചിട്ടുണ്ട്.

വാഗ്ഭടപാരമ്പര്യത്തിൽ വികസിച്ച് പരിപുഷ്ടമായ കേരളീയ ചികിത്സാക്രമത്തിൽ മൂലികകൾ കൊണ്ടുള്ള ഔഷധ പ്രയോഗങ്ങളാണല്ലോ അധികം നടപ്പിലുള്ളത്. എന്നാൽ ഇതര സംസ്ഥാനങ്ങളിലെ സ്ഥിതിയതല്ല. പ്രത്യേകിച്ചും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ. അവിടത്തെ ജനങ്ങളുടെ ആഹാരവിഹാരാദികളുടെയും ദേശകാല സവിശേഷതകളുടേയും, എല്ലാറ്റിനുമുപരി ഔഷധദ്രവ്യങ്ങളുടെ ലഭ്യതയുടെയുമൊക്കെ പ്രത്യേകതകൾ കൊണ്ട് സസ്യൗഷധങ്ങളോടൊപ്പം ധാരാളം രസൗഷധങ്ങളും പ്രയോഗത്തിലുണ്ട്. അവയെല്ലാം പഠിച്ച് പരിചയിച്ച് ഫലാനുഭവം കണ്ടറിഞ്ഞ സിദ്ധഹസ്തനായ ഗോവിന്ദാചാര്യർ തന്റെ അറിവ് വരും തലമുറകൾക്കു കൂടി പ്രയോജനപ്പെടണമെന്ന സദ്വിചാരത്തോടു കൂടി ധാരാളം രസൗഷധമുറകളേയും ഭൈഷജ്യരത്നാവലിയിൽ വിവരിച്ചിട്ടുണ്ട്. നിർമ്മാണപ്രക്രിയയിൽ സംശയമേതും വരാത്തവിധം ലളിതവും വ്യക്തവുമായ ശൈലിയിലാണ് രചന നിർവ്വഹിച്ചിട്ടുള്ളത്.

വിദ്വജ്ജനങ്ങളുടെ ഇടയിൽ സർവ്വത്ര ആദരണീയമായ ഈ ഗ്രന്ഥം ഇന്ത്യയിലെ എല്ലായിടത്തേയും വൈദ്യന്മാർക്ക് കരഗതമായത് ശ്രീ വിനോദലാലസേനൻ ഇതിനെ എഡിറ്റ് ചെയ്ത് അദ്ദേഹം തന്നെ എഴുതിയ വിനോദിനീ ടീകയും ചേർത്ത് പ്രസിദ്ധീകരിച്ചതിൽ പിന്നെയാണ്. സംസ്കൃതഭാഷയിൽ സാമാന്യം അറിവുള്ള യാതൊരാൾക്കും സുഗമമായി മനസ്സിലാവുന്നത്ര ലളിതവും വിശദവുമായ രീതിയിലാണ് ശ്രീവിനോദലാലസേനൻ തന്റെ ടീക എഴുതിയിട്ടുള്ളത് ഭൈഷജ്യരത്നാവലിയുടെ പ്രചാരം വർദ്ധിക്കുന്നതിന് ഈ ടീക വളരെ സഹായകമായിട്ടുണ്ട്.

കേരളത്തിൽ ഭൈഷജ്യരത്നാവലിക്ക് സാർവ്വത്രികമായ പ്രചാരം കിട്ടിയിട്ട് ഒരു നൂറുവർഷക്കാലമേ ആയിട്ടുള്ളുവെന്നാണ് തോന്നുന്നത്. ശ്രീ വൈക്കത്തു പാച്ചു മൂത്തതവർകൾ കൊല്ലവർഷം 1057 -ൽ എഴുതിയ, പ്രസിദ്ധമായ സുഖസാധകത്തിലും അതിനു മുമ്പെഴുതിയ ഹൃദയപ്രിയയിലും കേരളീയ ഗ്രന്ഥങ്ങളിലേയും അഷ്ടാംഗഹൃദയത്തിലേയും ധാരാളം യോഗങ്ങൾ ചേർത്തുകാണുന്നുണ്ടെങ്കിലും ഭൈഷജ്യരത്നാവലിയിൽ നിന്നും ഒന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല. എന്നാൽ 1116-ൽ ചാവർകോട്ടു കെ. എൻ. കുഞ്ഞുശങ്കരൻ വൈദ്യൻ എഴുതി പ്രസിദ്ധീകരിച്ച സിദ്ധയോഗാവലിയുടെ മുഖവുരയിൽ ഭൈഷജ്യരത്നാവലിയെ പരാമർശിച്ചുകാണുന്നുണ്ട്.

തിരുവിതാംകൂർ ആയുർവ്വേദപാഠശാലയിലും പിന്നീട് ആയുർവ്വേദകോളേജിലും അദ്ധ്യാപകരായി വന്ന പ്രഗത്ഭരിൽ ചിലരെങ്കിലും ഉത്തരേന്ത്യൻ സർവകലാശാലകളിൽ പഠിച്ച് ബിരുദം നേടിയവരായിരുന്നു. ആ ഗുരുക്കന്മാരായിരിക്കണം കേരളീയ വിദ്യാർത്ഥികൾക്ക് ഭൈഷജ്യരത്നാവലിയെ പരിചയപ്പെടുത്തിയത്.വൈദ്യകലാനിധി പാസ്സായ ഒട്ടു മിക്ക നാട്ടുവൈദ്യന്മാരും ചികിത്സാസഹായകമായ ഒരു കൈപ്പുസ്തകമായി ഭൈഷജ്യരത്നാവലിയെ ഉപയോഗിച്ചിരുന്നതായിട്ടറിയാം. മലബാർ പ്രദേശത്തെ ഗുരുകുല സമ്പ്രദായത്തിലും ഭൈഷജ്യരത്നാവലി പഠിപ്പിച്ചിരുന്നതായി വടകര കെ.പി. കണ്ണൻ വൈദ്യർ പറഞ്ഞറിഞ്ഞിട്ടുണ്ട്. വൈദ്യരത്നം ശ്രീ. പി.എസ്സ്. വാരിയർ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ നിന്നും ഭൈഷജ്യരത്നാവലിയിൽ പറഞ്ഞിട്ടുള്ള രസൗഷധങ്ങളുൾപ്പടെ പ്രത്യക്ഷഫലപ്രദമായ ധാരാളം മരുന്നുകൾ തയ്യാറാക്കി വിതരണം ചെയ്തിരുന്നതും ഈ ഗ്രന്ഥത്തിന് കേരളത്തിൽ പ്രചാരമുണ്ടാവാൻ കാരണമായിട്ടുണ്ട്. ഇപ്പോൾ കേരളീയ വൈദ്യന്മാർക്കിടയിൽ സഹസ്രയോഗത്തോളം തന്നെ പ്രാധാന്യമുള്ള ചികിത്സായോഗഗ്രന്ഥമായിതീർന്നിട്ടുണ്ട് ഭൈഷജ്യരത്നാവലി. അങ്ങിനെ പ്രായോഗിക

രംഗത്ത് വളരെയേറെ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഗ്രന്ഥം 2004 ലെ ഉണ്ണിമൂസ്സ് ദിനത്തോടനുബന്ധിച്ചു നടത്തുന്ന ആയുർവ്വേദസെമിനാറിൽ ചർച്ചയ്ക്ക് നിശ്ചയിച്ചത് ഏറ്റവും ഉചിതമായി.

ചർച്ചയിൽ പങ്കെടുത്ത് പ്രബന്ധങ്ങൽ അവതരിപ്പിച്ച ഡോ: ജെറോം. വി. കുര്യൻ ഡോ: ശശിധരൻ, ഡോ: മനോജ്കുമാർ, ഡോ: ഉണ്ണികൃഷ്ണപിള്ള, ഡോ: മുരളി, ഡോ: ശശികുമാർ, മോഡറേറ്റർ ആയി പ്രശോഭിച്ച ഡോ: പ്രകാശ് മംഗലശ്ശേരി, മുഖ്യപാനൽ അംഗങ്ങളായ ഡോ.കാമത്ത്, ഡോ: ജി. ജി. ഗംഗാധരൻ ഇവരെല്ലാം ഭൈഷജ്യരത്നാവലി സമഗ്രമായി പഠിച്ചവരും പഠിപ്പിക്കുന്നവരും പ്രായോഗിക ചികിത്സയിൽ ഇതിലെ ഔഷധങ്ങൾ കൊടുത്തു ഫലാനുഭവം കണ്ടറിഞ്ഞ ദൃഷ്ടകർമ്മരുമാണ്. അവർ ഓരോരുത്തരുടേയും പഠന റിപ്പോർട്ടുകളും സ്വാനുഭവ വിവരണവും ഈ ഗ്രന്ഥത്തെ കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർക്ക് പ്രയോജനകരമായിട്ടുണ്ട്. അവർ പറഞ്ഞതിൽ കൂടുതൽ എന്തെങ്കിലും പറയാനുള്ളതുകൊണ്ടല്ല ഞാനീ കുറിപ്പെഴുതുന്നത്. അഷ്ടവൈദ്യൻ ശ്രീ വാസുദേവൻ മൂസ്സിന്റെ സ്നേഹപൂർണ്ണമായ പ്രേരണ ഒന്നുകൊണ്ടുമാത്രമാണ് ഞാനീ സാഹസത്തിന് ഒരുമ്പെടുന്നത്. ഞാനൊരു പ്രൊഫഷണൽ ചികിത്സകനല്ലാത്തതു കൊണ്ടുള്ള പരിമിതികളും വളരെയുണ്ട്. അത്യാവശ്യസന്ദർഭങ്ങളിൽ അധികവും കേരളീയ ഭാഷാഗ്രന്ഥങ്ങളെയും അഷ്ടാംഗഹൃദയത്തേയുമാണ് ആശ്രയിക്കാറുള്ളത്. അതുകാരണം ഭൈഷജ്യരത്നാവലിയിലെ വളരെകുറച്ച് ഔഷധങ്ങളെ മാത്രമേ എടുത്തുപയോഗിക്കുവാൻ ഇടവന്നിട്ടുള്ളൂ. അങ്ങനെ എനിക്ക് നേരിട്ടനുഭവമുള്ളതും വൈദ്യം പഠിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ അഭിവന്ദ്യഗുരുനാഥന്മാരായിരുന്ന സർവ്വശ്രീ. എൻ. കുമാരൻ വൈദ്യരും, എം. ഭാനുവൈദ്യരും പ്രയോഗിച്ചുകണ്ടനുഭവവുമുള്ള യോഗങ്ങളിൽ പ്രത്യേകം പ്രസ്താവ്യമെന്നു തോന്നിയിട്ടുള്ള ഏതാനും യോഗങ്ങളെക്കുറിച്ചാണിവിടെ വിവരിക്കുന്നത്.

ഭൈഷജ്യരത്നാവലിയെ ശ്രദ്ധേയമാക്കുന്ന പല കാര്യങ്ങളിൽ ഒന്ന് പൂർവ്വഗ്രന്ഥങ്ങളിൽ നിന്നുമെടുത്തിട്ടുള്ള യോഗങ്ങളെ വിവരിക്കുന്നതിനോടൊപ്പം അനുഭവം കൊണ്ടും ഗുരുപദേശമായിട്ടും തനിക്ക് സിദ്ധമായ അറിവു കൂടി ഗ്രന്ഥം പഠിക്കുന്നവരുടെ പ്രയോജനത്തെ കരുതി ഗ്രന്ഥകർത്താവ് വെളിപ്പെടുത്തിയിരിക്കുന്നു എന്നതാണ്. അതിനൊരുദാഹരണമാണ് ജ്വരാധികാരത്തിലെ നിദിഗ്ദ്ധികാദി കഷായത്തിന്റെ വിവരണം.

*"നിദിഗ്ദ്ധികാ നാഗരകാമൃതാനാം*
*ക്വാഥം പിബേന്മിശ്രിതപിപ്പലീകം*
*ജീർണ്ണജ്വരാരോചക കാസശൂല*
*ശ്വാസാഗ്നിമാന്ദ്യാർദ്ദിതപീനസേഷു*
*ഹന്ത്യൂർദ്ധ്വഗാമയം പ്രായഃ*
*സായം തേനോപയുജ്യതേ*
*ഏതദ് രാത്രിജ്വരേ സായ-*
*മന്യഥാ പ്രാതരിഷ്യതേ*
*പിത്താനുബന്ധേ സംത്യജ്യ*
*പിപ്പലീം പ്രക്ഷിപേൽ മധു"*

അഷ്ടാംഗഹൃദയത്തിലെ പ്രസിദ്ധമായ വ്യാഘ്ര്യാദി കഷായം തന്നെയാണിത്. വാഗ്ഭടാചാര്യർ പറഞ്ഞിട്ടുള്ള "വാതശ്ലേഷ്മജ്വരശ്വാസകാസപീനസശൂല" കളെ കൂടാതെ അരോചകത്തിനും അർദ്ദിതത്തിനും കൂടി ഫലിക്കുമെന്നും ജത്രൂർദ്ധ്വരോഗങ്ങളിലും രാത്രിജ്വരത്തിലും ഇത് സായം കാലത്ത് സേവിക്കുന്നതു കൊണ്ട് അധികം ഫലം കിട്ടുമെന്നും അല്ലാതെയുള്ളപ്പോൾ രാവിലെയാണു വേണ്ടതെന്നും, പിത്താനുബന്ധമുള്ളപ്പോൾ തിപ്പലിപ്പൊടിക്കുപകരം തേൻ ചേർത്ത് സേവിപ്പിക്കണമെന്നും ഉപദേശിച്ചിട്ടുള്ളത് ചികിത്സകർക്ക് വളരെ പ്രയോജനകരമാണ്. സമാന സന്ദർഭങ്ങളിൽ മറ്റ് ഔഷധങ്ങൾ

പ്രയോഗിക്കേണ്ടിവരുമ്പോഴും ഔചിത്യപൂർവ്വമായ മാറ്റങ്ങൾ വരുത്തി ചികിത്സ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഈ അറിവ് സഹായകമാവുന്നു.

ഗ്രന്ഥകാരന് പരമ്പരയാ സിദ്ധമായ പല രഹസ്യയോഗങ്ങളും ഭൈഷജ്യരത്നാവലിയിൽ പ്രസിദ്ധമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഒരു സിദ്ധ യോഗമാണ് ജ്വരാധികാരത്തിൽ പറഞ്ഞിരിക്കുന്ന "ബൃഹത് കട്ഫലാദി കഷായം"

*"കട്ഫലാബ്ദ വചാപാഠാ പുഷ്കരാജാജി പർപ്പടൈഃ*
*ശൃംഗീകലിംഗം ധാന്യാകം ശടീഭൃംഗം കണാഹ്വയം*
*തിക്താഭയാംബു കൈരാതം ഭാർങ്ഗീ രാമഠകം ബലാ*
*ദശമൂലീകണാമൂലം നിഷ്കാഥ്യ ക്വാഥമുത്തമം*
*ഹിംഗ്വാർദ്രകരസോപേതം സന്നിപാതവിനാശനം*
*ഗളഗണ്ഡം ഗണ്ഡമാലാം സ്വരഭേദം ഗളാമയാൻ*
*കർണ്ണമൂലോത്ഭവം ശോഥം ഹന്യാദ് ഹനുമുഖാമയാൻ*
*കഫവാതജ്വരം കാസം തഥാ ഹന്തി ശിരോഗദാൻ*
*ശിരോഗുരുത്വം ബാധിര്യം നിഹന്തി കഫവാതികം"*

ഇതിൽ "രാമഠക" ത്തിന്റെ സ്ഥാനത്ത് "രാമണകം" എന്നു പഠിക്കുകയും കറിവേപ്പിലത്തണ്ട് ചേർക്കുകയും വേണമെന്ന് ഗുരുപദേശമുണ്ട്.

ജ്വരത്തിൽ ചെവിക്കു താഴെ നീരുവരുന്നത് അപകടകരമാണ്. അത്തരം സന്ദർഭങ്ങളിൽ ഈ കഷായം വളരെ ഫലിച്ചു കാണുന്നുണ്ട്. സന്നിപാതജ്വരബാധിതരിൽ ചിലർക്ക് പില്ക്കാലത്ത് കേൾവിക്കുറവ് ഉണ്ടായികാണുന്നുണ്ട്. തക്കസമയത്ത് ഈ കഷായം സേവിക്കുകയാണെങ്കിൽ ബാധിര്യത്തിൽ നിന്നും അവരെ രക്ഷിക്കാനാവും. ഗോരോചനാദി, കണ്ഠശുദ്ധി മുതലായ ഗുളികകളിൽ ഒന്ന് ഔചിത്യം പോലെ ചേർത്ത് കൊടുക്കാറുണ്ട്. ജ്വരാനുബന്ധമായിട്ടല്ലാതെതന്നെ കഴുത്തിനുമുകളിലുണ്ടാകുന്ന കഫവാതപ്രധാനമായ ഒട്ടനവധി രോഗങ്ങളിൽ ഇത് പ്രയോജനകരമായി കണ്ടുവരുന്നുണ്ട്. 'സ്പോൺണ്ടിലോസിസ്'എന്ന് അലോപ്പതിയിൽ പറഞ്ഞുവരുന്ന രോഗാവസ്ഥയിൽ ഈ കഷായം പലർക്കും നിശ്ചയിച്ചു സേവിപ്പിച്ചതിൽ ശമനകരമായി അനുഭവമുണ്ട്. ശോഷവും മറ്റും അധികം ഉള്ളവർക്ക് പുരട്ടുന്നതിന് ഭൈഷജ്യരത്നാവലിയിൽ തന്നെ വാതാധികാരത്തിൽ പറഞ്ഞിട്ടുള്ള *"മാഷക്വാഥേ ബലാക്വാഥേ രാസ്നായാം ദശമൂലജേ.."* എന്നിത്യാദി "സപ്തപ്രസ്ഥ മഹാമാഷതൈലം" കൂടി നിശ്ചയിക്കാറുണ്ട്. സന്ദർഭം കൊണ്ടു പറയട്ടെ കേരളീയരുടെ "ബൃഹത്നാഢീ കഷായവും" (*ദശമൂലം ബലാമൂലം ത്രിഫലാ കിരിയാത്തയും* എന്ന് തുടങ്ങുന്ന യോഗം) സ്പോൺണ്ടിലോസിസ് ചികിത്സയിൽ വളരെ ഫലവത്താണ്.

ഭൈഷജ്യരത്നാവലീകാരൻ യക്ഷ്മാധികാരത്തിൽ വിധിച്ചിട്ടുള്ള "ഛാഗളാദി ഘൃതം" ശോഷം, കാസം ക്ഷയം, ബലക്കുറവ് മുതലായവയിലൊക്കെ കൈകണ്ടതായിട്ടാണനുഭവം. രക്തം ഛർദ്ദിക്കുന്ന ക്ഷയരോഗികളിലും ഇത് നല്ല ഫലമുള്ളതാണ്. ഭൈഷജ്യത്തിന്റെ പുതിയ പതിപ്പുകളിൽ ഈ യോഗം വിട്ടുപോയിരിക്കുന്നു.

*"ആജമാംസം തുലാമാനം വാസകസ്യ പലം ശതം*
*അശ്വഗന്ധാ പലശതം കടാഹേ സമധിക്ഷിപേത്*
*ജലദ്രോണേ പൃഥക്പക്ത്വാ ചതുർഭാഗാവശേഷിതൈഃ*
*കഷായൈർവിപചേൽ ഗവ്യം പ്രസ്ഥദ്വയമിതം ഘൃതം*
*ഛാഗക്ഷീരം ഘൃതസമം ദദ്യാത് കല്കാനി യാനി ച*
*വക്ഷ്യാമ്യതഃ പരം താനി സർവ്വാണി ശൃണു യത്നതഃ*
*അഷ്ടവർഗ്ഗഃ പഞ്ചമൂലീ ചാതുർജ്ജാതഃ ശതാവരീ*

*ത്രികടു ത്രിഫലാ യഷ്ടീ വിദാരീ ശാല്മലീ വചാ*
*ശംഖപുഷ്പീ സുധാമൂലീ മുസലീ ചവികാ തഥാ*
*കപീകച്ഛുകബീജഞ്ച ദീപ്യാ ഖദിര ജീരകൌ*
*സൂക്ഷ്മൈലാ മേഥികാ ഭാർങ്ഗീ പ്രത്യേകം കർഷമാനതഃ*
*സംഗൃഹ്യ സാധയേത് സർപ്പിഃ ശനൈർമൃദ്വഗ്നിനാ ഭിഷക്*
*രാജയക്ഷ്മണി ദുഃസാധ്യേ സർവ്വകാസഗദേഷു ച*
*സ്വരഭേദേ ക്ഷയേ ശ്വാസേ ധ്വജഭംഗേ ജ്വരേ തഥാ*
*പ്രമേഹേ മൂത്രകൃച്ഛ്രേ ച രക്തപിത്തേത്വരോചകെ*
*ഛാഗളാദ്യഘൃതം ശസ്തം സർവ്വരോഗവിനാശനം"*

കഷായത്തിനുള്ള വെള്ളവും നെയ്യിന്റെ അളവും പറഞ്ഞിട്ടുള്ളതിൽ ഇരട്ടിച്ചു ചേർക്കുകയാണ് പതിവ്.

*"ആർദ്രദ്രവ്യ ദ്രവദ്രവ്യ പലീകാഷ്ടാഭിരേവ ച*
*ശുഷ്കദ്രവ്യചതുഷ്കേണ കുഡുബം സമുദാഹൃത"*
*"ദ്വിഗുണം യോജയേദാർദ്രം കുഡുബാദി തഥാദ്രവം"*

ഈ വക പ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്യുന്നത്. പലപ്പോഴും ഈ ഛാഗളാദിഘൃതം ബൃഹദ്ഛാഗളാദിയേക്കാൾ ഫലിച്ചു കാണുന്നുണ്ട്.

കുഷ്ഠാധികാരത്തിൽ പറഞ്ഞിരിക്കുന്ന "മഹാപിണ്ഡ തൈലവും" ഒരു കൈകണ്ടയോഗമാണ്. വാതരക്തത്തിലും നന്നായി ഫലിക്കുന്നുണ്ട്. വ്രണത്തോടുകൂടിയുള്ള വാതരക്തത്തിൽ വ്രണം ശമിച്ചാൽ അവിടെ തൊലിപ്പുറത്ത് ഒരു മാതിരി വെളുപ്പുനിറം ബാധിച്ചു കാണാറുണ്ട്. അങ്ങനെയുള്ളവരിൽ ഈ മഹാപിണ്ഡ തൈലം നിരന്തരം പുരട്ടുന്നതുകൊണ്ട് സ്വതവേയുള്ള നിറം തിരിച്ചുകിട്ടുന്നതായനുഭവമുണ്ട്.

*"അമൃതായാഃ പലശതം സോമരാജീതുലാം തഥാ*
*പ്രസാരണ്യാഃ പലശതം ജലദ്രോണേ പൃഥക് പചേത്*
*പാദശേഷം ഗൃഹീത്വാ ച തൈലപ്രസ്ഥം പചേത് ഭിഷക്*
*ക്ഷീരം ചതുർഗുണം ദത്വാ മരുമന്ദേന വഹ്നിനാ*
*പിണ്ഡശാലജനിര്യാസ സിന്ദുവാര ഫലത്രയം*
*വിജയാ ബൃഹതീ ദന്തീ കങ്കോലക പുനർന്നവാഃ*
*വഹ്നി ഗ്രന്ഥിക കുഷ്ഠാനി നിശേദ്വേ ചന്ദനദ്വയം*
*പൂതീ പൂതീക സിദ്ധാർത്ഥ വാകുചീ ചക്രമർദ്ദകം*
*വാശാനിംബപടോലാനി വാനരീബീജമേവ ച*
*അശ്വാഹാ സരളം സർവ്വം പ്രതികർഷമിതം പചേൽ*
*ഏതത്തൈലവരം ഹന്തി വാതരക്തമസംശയം*
*കുഷ്ടമഷ്ടാദശവിധം ഗ്രന്ഥി വാതം സുദാരുണം*
*കായഗ്രഹഞ്ചാമവാതം ഭഗന്ദരഗുദാമയം*
*ജ്വരമഷ്ടവിധം ഹന്തി മർദ്ദനാന്നാത്ര സംശയഃ"*

ഇതിൽ "തൈലപ്രസ്ഥംപചേത്" എന്നിടത്ത് "തൈലപാത്രം പചേത്" എന്നാണ് ഗുരൂപദേശപാഠം. പാത്രം = നാലിടങ്ങഴി.

കല്ക്കം വിവരിക്കുന്നിടത്തെ "വിജയാ ബൃഹതീദന്തീ കങ്കോലകപുനർന്നവാ" എന്നുള്ള രണ്ടുവരികൾ പ്രക്ഷിപ്തമാണെന്ന് അഭിപ്രായമുള്ള വൃദ്ധവൈദ്യന്മാരുണ്ട്. മലബാർ പ്രദേശത്തെ പ്രസിദ്ധ വൈദ്യന്മാരും പാരമ്പര്യഗുരുക്കന്മാരുമായിരുന്ന ചോയിവൈദ്യർ, ചേക്കാലക്കണ്ടി കണ്ണൻ വൈദ്യർ,

വടകര കെ. പി. കണ്ണൻ വൈദ്യർ, തിക്കോടി ഗോവിന്ദൻ വൈദ്യർ മുതൽ പേർ ആ അഭിപ്രായക്കാരാണ്. പ്രസ്തുത ശ്ലോകാർദ്ധത്തിൽ പറഞ്ഞിട്ടുള്ള ദ്രവ്യങ്ങൾ കൂടി ചേർത്തിട്ടാണ് എന്റെ കുടുംബത്തിൽ ഈ തൈലം തയ്യാറാക്കി വരുന്നത്. ഇതിന്റെ യുക്തിയും യുക്തിരാഹിത്യവും ഇവിടെ ചർച്ചയിൽ പങ്കെടുത്ത മഹാഭിഷക്കുകളെപ്പോലുള്ളവർ ചിന്തിച്ച് തീരുമാനിക്കേണ്ടതാണ്. എനിക്ക് അറിയാൻ കഴിഞ്ഞ ഒരു പക്ഷഭേദം പണ്ഡിതവൈദ്യന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി മാത്രം ഇവിടെ പ്രസ്താവിച്ചുവെന്നേയുള്ളൂ.

ഗ്രന്ഥങ്ങൾ താളിയോലകളിൽ നിന്നും പകർത്തി അച്ചിലാക്കിയപ്പോൾ പകർത്തെഴുത്തുകാരുടെ അശ്രദ്ധകൊണ്ടും ഗ്രന്ഥവരികളിൽ ഉണ്ടായിരുന്ന ഇതരഗ്രന്ഥങ്ങളുമായി ഒത്തുനോക്കി പിഴ തീർക്കാത്തതു കൊണ്ടും പല യോഗങ്ങൾക്കും പാഠഭേദങ്ങൾ സംഭവിച്ചുപോയിട്ടുണ്ട്. കേരളീയഗ്രന്ഥങ്ങളിൽ തന്നെ അതിന് ഉദാഹരണങ്ങളുണ്ട്. അത്തരം അബദ്ധങ്ങൾ പുതിയ പുസ്തകങ്ങളിലേക്ക് സംക്രമിക്കുന്നുമുണ്ട്. ആറ്റൂർ എഡിറ്റ് ചെയ്ത് മംഗളോദയത്തിൽ നിന്നും പ്രസിദ്ധീകരിച്ച സഹസ്രയോഗത്തിലെ പ്രഭഞ്ജനം തൈല യോഗത്തിൽ കല്ക്കദ്രവ്യങ്ങളുടെ കൂട്ടത്തിൽ “ഉല്പലാദ്യഞ്ജനേ നീലി”എന്നധികം കാണുന്നുണ്ട്. ഇത് ത്രിഫലാദി തൈലത്തിൽ ഉൾപ്പെട്ടതാണ്. സുഖസാധകത്തിൽ ഈ പിഴവ് ആവർത്തിക്കപ്പെട്ടിരിക്കുന്നു. ശ്രീ. എസ്.കെ.വി. ശർമ്മ സുഖസാധകം വ്യാഖ്യാനിച്ചപ്പോൾ പാച്ചുമൂത്തതവർകൾ പരാമർശിച്ചു വിട്ടിട്ടുള്ള പ്രസിദ്ധയോഗങ്ങൾ ഇതരഗ്രന്ഥങ്ങളിൽ നിന്നും എടുത്തു ചേർക്കേണ്ടിവന്ന സന്ദർഭത്തിൽ ആറ്റൂരിന്റെ സഹസ്രയോഗത്തെയാവണം അദ്ദേഹം അവലംബിച്ചത്. എങ്ങനെയായാലും ഈ പ്രക്ഷിപ്തഭാഗം കൂടി ചേർത്താണ് ശ്രീ ശർമ്മ അർത്ഥം കൊടുത്തിട്ടുള്ളത്. സുഖസാധകം നോക്കിയിട്ട് പ്രഭഞ്ജനം ഉണ്ടാക്കുന്നവർ ഈ അപപാഠം അനുസരിച്ചിട്ടായിരിക്കും തയ്യാറാക്കുക. അതിന്റെ ദോഷം രോഗിക്കും പേരുദോഷം വൈദ്യനും.

ഇതേപോലെ തന്നെ കേരളത്തിൽ അച്ചിട്ടു പ്രസിദ്ധീകരിച്ചിട്ടുള്ള മിക്കവാറും എല്ലാ ചികിത്സായോഗഗ്രന്ഥങ്ങളിലും പഞ്ചവല്കാദി തൈലയോഗം പറഞ്ഞിട്ടുള്ളത്.

*“പഞ്ചവല്ക്ക നിശാ ഗോപീ കഷായേ തിലജം പചേൽ*
*രംഭോദകന്ദമധുക ത്വക് സേവ്യാമയചന്ദനൈഃ*
*രക്തപിത്തോത്തരേ കുഷ്ഠേ വിസർപ്പേ ക്ലേദവത്യപി”*

എന്നിപ്രകാരമാണ്. പൈത്തിക പ്രധാനമായ രോഗങ്ങളിൽ വിധിച്ചിരിക്കുന്ന ഇതിൽ രൂക്ഷവും പിത്തളവും കഫവാതഘ്നവുമായിട്ടുള്ള ത്വക്കിനെ കൽക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്തിന് എന്നൊരു സന്ദേഹം ഈ യോഗം പഠിച്ച കാലംമുതല്ക്കേ ഉണ്ടായിരുന്നു. പിൽക്കാലത്ത് വൈദ്യഭൂഷണം ശ്രീ രാഘവൻ തിരുമുല്പ്പാടു സാറിന്റെ ഗ്രന്ഥപ്പുരയിലെ താളിയോലഗ്രന്ഥങ്ങൾ വായിച്ചപ്പോഴാണ് ഇപ്പോൾ പ്രചാരത്തിലുള്ള പാഠം തെറ്റാണെന്നു മനസ്സിലായത്. തിരുമുല്പ്പാടുസാറിന്റെ വക ഒരു താളിയോലഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളതനുസരിച്ച്

*“പഞ്ചവല്ക്ക നിശാ ഗോപീ കഷായേ തിലജം പചേൽ*
*അംഭോജകന്ദമധുക സേവ്യാമയദ്വിചന്ദനൈഃ*
*രക്തപിത്തോത്തരേ കുഷ്ഠേ വിസർപ്പേ ക്ലേദവത്യപി.”*

എന്നതാണ് ശരിയായ പാഠം. ഇതിൽ പ്രകാരം തയ്യാറാക്കി പ്രയോഗിച്ചതിൽ കൂടുതൽ നന്നായി കാണുന്നുണ്ട്.

വലിയ സഹസ്രയോഗമെന്നപേരിൽ ഇപ്പോൾ കിട്ടുന്ന ഗ്രന്ഥത്തിൽ ഭൈഷജ്യം ചക്രദത്തം തുടങ്ങിയവയിലെ യോഗങ്ങൾ കൂട്ടിച്ചേർത്ത് വിപുലപ്പെടുത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ പ്രസിദ്ധിയുള്ള കൊമ്പഞ്ചാദി, ഗോപീചന്ദനാദി, നിർഗുണ്ഡ്യാദി മുതലായ ഗുളികകൾ, ചെമ്പരത്യാദി, ആരണ്യതുളസ്യാദി തുടങ്ങിയ തൈലങ്ങൾ, അഗ്രഗ്രാഹ്യാദി, നാഡീകഷായങ്ങൾ, ബാലഇരട്ടി, വലിയ ഇരട്ടികഷായങ്ങൾ ഇപ്രകാരം നിരവധി കല്പനകൾ ഉൾപ്പെടാത്തതാണ്. കേരളത്തിന്റെ സംഭാവനകളായ ഈ

വക സിദ്ധയോഗങ്ങൾ ചേർത്ത് പരിഷ്ക്കരിച്ച് സഹസ്രയോഗത്തിന്റെ ഒരു ശുദ്ധപാഠം തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ എസ്.എൻ.എ ഔഷധശാല മുൻകൈയ്യെടുത്ത് പ്രവർത്തിക്കണമെന്നു താല്പ്പര്യപ്പെടുന്നു. ഈ വക സംഗതികളിൽ പ്രത്യേകം ഉൽസാഹമുള്ള ശ്രീ. വാസുദേവൻ മൂസ്സ് മനസ്സുവച്ചാൽ നിഷ്പ്രയാസം സാധിക്കാവുന്ന ഒരു മഹൽ കാര്യമാണിത്.

ഭൈഷജ്യരത്നാവലിയിൽ ബൃഹത് യോഗങ്ങൾ മാത്രമല്ല സാരവത്തായ ധാരാളം ലഘു പ്രയോഗങ്ങ ളും പറഞ്ഞിട്ടുണ്ട്. ഹൃദ്രോഗത്തിന് പറയുന്ന

*"അർജ്ജുനസ്യ ത്വചാസിദ്ധം ക്ഷീരം യോജ്യം ഹൃദാമയേ"*

*"പാർത്ഥസ്യകല്ക്കസ്വരസേനസിദ്ധം*

*ശസ്തം ഘൃതം സർവ്വഹൃദാമയേഷു*

ഇവരണ്ടും വളരെ നല്ലതായി അനുഭവമുണ്ട്.

*"ഛിന്നോത്ഭവകഷായേണ സേവ്യം ശുദ്ധം ശിലാജതു*

*പഞ്ചകർമ്മവിശുദ്ധേന വാതരക്തം പ്രശാന്തയേ"*

രക്തവാതചികിത്സയിൽ വളരെ പ്രയോജനപ്പെടുന്ന ഒരു യോഗമാണിത്. ശുദ്ധകന്മദത്തിന്റെ സ്ഥാനത്ത് അവസ്ഥാനുവിധേയമായി ചന്ദ്രപ്രഭാ ഗുഡികയോ ഗോക്ഷുരാദി ഗുൽഗുലുവോ ചേർത്ത് കൊടുക്കാറുണ്ട്. പഞ്ചകർമ്മശോധനക്ക് കഴിയാതെ വരുന്നയവസരങ്ങളിൽ ആരഗ്വധമാണിഭദ്രമോ മറ്റോ കുറച്ചു ദിവസം സേവിപ്പിച്ച് കോഷ്ഠശുദ്ധിയെങ്കിലും വരുത്തിയിട്ടുവേണം ഇത് സേവിപ്പിക്കുവാൻ. എങ്കിലേ ഉദ്ദേശിച്ച ഫലം കിട്ടുകയുള്ളു. മാണിഭദ്രയോഗത്തിൽ കണിക്കൊന്നവേരിന്റെ തൊലി കഷായം വെച്ചു ചേർത്തുണ്ടാക്കുന്നതാണ് ആരഗ്വധമാണിഭദ്രം. എന്റെ പൂർവ്വീകർക്ക് ശ്രീനാരായണഗുരുസ്വാമി നല്കിയ ഉപദേശം അനുസരിച്ചാണ് അങ്ങനെ ചെയ്തു വരുന്നത്. രക്തദൂഷ്യം കൊണ്ടുണ്ടാവുന്ന രോഗങ്ങളിൽ അത് വളരെ ഫലപ്രദമാണ്.

ചന്ദ്രപ്രഭാ ഗുളികയുടെ കാര്യത്തിൽ അതരയ്ക്കുന്നതിന് പ്രത്യേകം ദ്രവം പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ശുദ്ധാംബു മതിയാവുമെങ്കിലും ഉചിതമായി നിശ്ചയിച്ച ഏതെങ്കിലും സ്വരസമോ കഷായമോ ചേർത്തിട്ടാണ് വൃദ്ധവൈദ്യന്മാർ അരയ്ക്കാറുള്ളത്. തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "ഔഷധപ്പട്ടികയിൽ" ത്രിഫലക്കഷായം ചേർത്തരയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഗുരുപദേശ പ്രകാരം ശതാവരീസ്വരസം ചേർത്തിട്ടാണ് ഞാൻ ചന്ദ്രപ്രഭ അരയ്ക്കാറുള്ളത്. നല്ലഫലമുള്ളതായിട്ടാണ് അനുഭവം.

ത്വക് രോഗങ്ങളിൽ പുരട്ടാൻ വിധിച്ചിട്ടുള്ള,

*"ശ്വേതകരവീരമൂലം*

*വിഷാംശകം സാധിതം ഗോമൂത്രേ*

*ചർമ്മദളസിദ്ധ്മപാമാ*

*വിസ്ഫോട ക്രിമി കിടിഭജിത് തൈലം"*

*"ചക്രാഹ്വയം സ്നുഹീക്ഷീരഭാവിതം മൂത്രസംയുക്തം*

*രവിതപ്തം ഹി കിഞ്ചിത്തു ലേപനം കിടിഭാപഹം"*

ഇവ രണ്ടും കൈകണ്ട സാരോപദേശങ്ങളാണ്. തൊലിപ്പുറത്തുണ്ടാകുന്ന പുഴുക്കടിയിലും ഇത് ഫലിച്ചുകാണുന്നുണ്ട്.

ശിരോരോഗാധികരത്തിൽ സൂര്യാവർത്തശമനമായി പറഞ്ഞിട്ടുള്ള,

*"ഭൃംഗരാജരസശ്ഛാഗ ക്ഷീരാന്തശ്ചാർക്ക താപിത*

*സൂര്യാവർത്തം നിഹന്ത്യാശു നസ്യേനൈവ പ്രയോഗരാട്"*

ഈ നസ്യം വളരെ ഗുണകരമാണ്. കൈയ്യോന്നിനീരും ആട്ടിൻപാലും ചേർത്ത് വെയിലിൽ വച്ച് അല്പമൊന്നു ചൂടാക്കി നസ്യം ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ കറന്നു ചൂടോടുകൂടിയ ആട്ടിൻപാലും കയ്യോന്നിനീരും സമം ചേർത്തരിച്ച് അങ്ങനെതന്നെ നസ്യം ചെയ്യുകയാണ് ചെയ്തുവരുന്നത്. നസ്യം കഴിഞ്ഞാൽ രോഗിയെ കുറച്ചു സമയം ഇളംവെയിലിൽ ഇരുത്തുകയും ചെയ്യും. മൂക്കിൽ നിന്നും ധാരാളം കഫം സ്രവിച്ചുപോകാറുണ്ട്. വളരെപ്പേർക്ക് ഇങ്ങനെ ചെയ്തതിന്റെ ഫലമായി സൂര്യാവർത്തം മാറിയ അനുഭവമുണ്ട്.

*"നിർഗുണ്ഡീമൂലചൂർണ്ണമഷ്ടപലം ഗൃഹീത്വാ.."*

ഇത്യാദി രസായനാധികാരത്തിൽ പറഞ്ഞിട്ടുള്ള നിർഗുണ്ഡീകല്പം വളരെ ശ്രേഷ്ഠമായ ഒരു രസായനമാണ്. ശരീരത്തിൽ അവിടവിടെ നെല്ലിക്കായുടെ മാതിരിയിൽ മുഴകൾ ഉണ്ടാവുകയും തൊലിക്ക് പരുപരുപ്പുണ്ടാവുകയും ചെയ്യുന്ന മേദോദോഷപ്രധാനമായ അവസ്ഥയിൽ ഇത് സേവിച്ച തിന്റെ ഫലമായി നിശ്ശേഷം മാറിയ അനുഭവമുണ്ട്. നല്ല മൂപ്പുചെന്ന കരുനൊച്ചിവേർ ചീവുളികൊണ്ട് നൈസായി ചീവിയെടുത്ത് ഉണക്കി നേർമ്മയിൽ പൊടിച്ച് 8 പലം തൂക്കിയെടുത്ത് 16 പലം തേനും ചേർത്ത് യോജിപ്പിച്ച് നെയ്യ് പുരട്ടി ഉണക്കിയ മൺകലത്തിലോ ചീനഭരണിയിലൊ വച്ച് കാറ്റു കയറാത്ത വിധം ശീലമൺചുറ്റിയുണക്കി നെല്ലിനുള്ളിൽ ഒരു മാസം വച്ചിരുന്ന് പിന്നെ എടുത്ത് സേവി പ്പിക്കുകയാണ് ചെയ്തുവരുന്നത്. രസായനം സേവിച്ചു തുടങ്ങുന്നതിനുമുമ്പ് ഉചിതമായ മരുന്നുകൾ സേവിപ്പിച്ച് കോഷ്ഠശുദ്ധി വരുത്തിയിരിക്കണം.

രസൗഷധങ്ങളുടെ കൂട്ടത്തിൽ എനിക്കനുഭവമുള്ള മൂന്നു നാലു യോഗങ്ങളെക്കുറിച്ചു കൂടി പറ യാം.

*"മരിചോഗ്രാകുഷ്ഠമുസ്തൈഃ സർവ്വൈരേവ സമം വിഷം*
*പിഷ്ട്വാ ചാർദ്രരസേനൈവ വടികാരക്തികാമിതാ*
*ആമജ്വരേ പ്രഥമതഃ ശുണ്ഠ്യാച മധുപിഷ്ടയാ*
*ആർദ്രകസ്യ രസേനാപി നിർഗുണ്ഡ്യാശ്ച കഫജ്വരേ*
*പീനസേ ച പ്രതിശ്യായേ ആർദ്രകസ്യ ച വാരിണാ*
*അഗ്നിമാന്ദ്യേ ലവംഗേന ശോഥേ സദശമൂലകഃ*
*ഗ്രഹണ്യാം സഹശുണ്ഠ്യാച മുസ്തകേനാതിസാരകേ*
*സാമേ ച ധാന്യശുണ്ഠീഭ്യാം പക്വേ ച കുടജം മധു*
*സന്നിപാതജ്വരാരംഭേ പിപ്പല്യാർദ്രകവാരിണാ*
*കണ്ടകാര്യാരസൈഃ കാസേ ശ്വാസേ തൈലഗുഡാന്വിതം*
*പീത്വാ വടീദ്വയം രോഗീ സ്വാസ്ഥ്യം സമുപഗച്ഛതി*
*സർവ്വേഷാമേവ രോഗാണാമാമദോഷ പ്രശാന്തയേ*
*അഗ്നിവൃദ്ധികരോ നാമ്നാ വിഖ്യാതോഗ്നികുമാരകഃ*

ജ്വരചികിത്സയിൽ പറഞ്ഞിട്ടുള്ള ഈ അഗ്നികുമാര രസം വളരെ ഫലപ്രദമായി കണ്ടിട്ടുണ്ട്. ഇതിൽ ഓരോ രോഗാവസ്ഥയ്ക്കും പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള അനുപാനങ്ങൾ മറ്റു രസൗഷധങ്ങൾ സേവിപ്പിക്കേണ്ടിവരുമ്പോഴും ഔചിത്യം പോലെ യോജിപ്പിക്കാവുന്നതാണ്. അങ്ങനെ ചെയ്തതിൽ സദ്ഫലം കിട്ടുന്നുമുണ്ട്. ഇതിൽ പറഞ്ഞിട്ടുള്ള മരുന്നുകളിൽ വത്സനാഭി ഒഴിവാക്കി *"മരിചോഗ്രാകു ഷ്ഠമുസ്ത"* കളെ മാത്രം എടുത്ത് ഇഞ്ചിനീരിലരച്ചുണ്ടാക്കുന്ന ഗുളിക കുട്ടികളിൽ വളരെ ഫലിച്ചുകാ ണുന്നുണ്ട്.

ഭൈഷജ്യരത്നാവലിയിലുള്ള മറ്റൊരു നല്ല യോഗമാണ് "കസ്തൂരിഭൈരവ രസം"

*"ഹിംഗുലഞ്ചവിഷം ടങ്കം ജാതീകോഷഫലം തഥാ*
*മരിചം പിപ്പലീചൈവ കസ്തൂരീ ച സമാംശികാ*

*രക്തിദ്വയം തതഃ ഖാദേത് സന്നിപാതേ സുദാരുണേ"*

ഇതിൽ പച്ചക്കർപ്പൂരം, കുങ്കുമപ്പൂവ്, വെരുകിൻപുഴുവ് എന്നിവകൂടി ചേർത്ത് വിശേഷപ്പെടുത്താറുണ്ട്. പുത്തരിച്ചുണ്ടവേരിന്റെ കഷായത്തിലും പനിനീരിലും അരച്ചു ഗുളികയാക്കുകയാണ് പതിവ്. പ്രസിദ്ധബാലചികിത്സകനായിരുന്ന ഗുരുവായൂരിലെ ഡോ:എൻ.എ.കൈമളാണ് എനിക്കിത് ഉപദേശിച്ചത്. അദ്ദേഹത്തിന്റെ ഗുരുനാഥൻ തൃശ്ശൂർ കുന്നത്തുമനയ്ക്കൽ നാരായണൻ നമ്പൂതിരിയുടെ സമ്പ്രദായമാണിതെന്നും പറയുകയുണ്ടായി. ഇതിൽ പ്രകാരം ഞാനീ ഗുളിക തയ്യാറാക്കി സേവിപ്പിച്ചതിൽ പനി, ശ്വാസംമുട്ടൽ, നീർക്കെട്ട് മുതലായവയിലൊക്കെ അത്ഭുതകരമായ ഫലമാണുള്ളത്. ഇതിനെക്കുറിച്ച് "കൈകണ്ടയോഗമീയോഗം" എന്നു പറയാൻ തെല്ലും മടിക്കേണ്ടതില്ല.

*"ശുദ്ധസൂതം തഥാ ഗന്ധം മരിചം നാഗരം കണാ*
*ത്വചം ജൈപാളകം കുഷ്ഠം ഭൂനിംബം മുസ്തകം പൃഥക്*
*ചൂർണ്ണയിത്വാ സമാംശന്തു കജ്ജള്യാസഹ മേളയേത്*
*നിർഗുണ്ഡ്യാഃ സ്വരസേ ചാപി ശൃംഗവേരരസേ തഥാ*
*ഭാവനാം കാരയിത്വാതു വടികാം കാരയേദ് ഭിഷക്*
*വടികാം ഭക്ഷയിത്വാതു വസ്ത്രവേഷ്ടഞ്ച കാരയേത്*
*ഏഷാ ജ്വരാങ്കുശവടീ സർവ്വജ്വരവിനാശിനീ*
*പൃഥക് ദോഷാംശ്ച വിവിധാൻ സമസ്താൻ വിഷമജ്വരാൻ*
*പ്രാകൃതം വൈകൃതം വാപി വാതശ്ലേഷ്മകൃതഞ്ച യത്*
*അന്തർഗതം ബഹിഃസ്ഥഞ്ച നിരാമം സാമമേവ വാ*
*ജ്വരമഷ്ടവിധം ഹന്തി വൃക്ഷമിന്ദ്രാശനിർ യഥാ"*

ഈ സർവ്വജ്വരാങ്കുശവടിയും ദോഷദൂഷ്യാദികൾ നിരൂപിച്ച് യുക്തിപൂർവ്വം സേവിപ്പിച്ചാൽ അമോഘമായ ഫലത്തെ തരുന്നതാണ്. ശുദ്ധി ചെയ്യേണ്ടവ എല്ലാം വിധിയാം വണ്ണം ശുദ്ധി ചെയ്തു തന്നെ ചേർക്കണം. ചായില്യത്തിൽ നിന്നും വേർതിരിച്ചെടുക്കുന്ന ബാലരസമാണ് ഇതിൽ ചേർത്തുവരുന്നത്. രസവും ഗന്ധകവും ചേർത്ത് അരച്ച് നല്ല കജ്ജളിയാക്കിയതിനു ശേഷം മറ്റു മരുന്നുകളും ചേർത്ത് ഇഞ്ചിനീരിൽ അരച്ചു ഗുളികയാക്കുകയാണ് സമ്പ്രദായം. അത്യാവശ്യമെന്നു തോന്നിയാൽ മാത്രമേ ഈ ഗുളിക സേവിപ്പിക്കാറുള്ളൂ.

ഹിക്കാശ്വാസാധികാരത്തിൽ വിധിക്കുന്ന,

*"രസം ഗന്ധം വിഷം ഢങ്കം ശിലോഷണ കടുത്രികം*
*സർവ്വം സംമർദ്യ ദാതവ്യോ രസഃ ശ്വാസകുഠാരകഃ*
*വാതശ്ലേഷ്മ സമുത്ഭൂതം കാസം ശ്വാസം സ്വരക്ഷയം*
*നാശയേന്നാത്ര സന്ദേഹോ വൃക്ഷമീന്ദ്രാശനിർ യഥാ"*

ഈ കാസകുഠാര ഗുളികയും നല്ല ഫലമുള്ളതാണ്. ശുദ്ധി ചെയ്യേണ്ടവയെല്ലാം ശുദ്ധി ചെയ്തു തന്നെ ചേർക്കണം. ഇതിലും രസഗന്ധകങ്ങൾ ചേർത്തരച്ച് നല്ല കജ്ജളിയാക്കിയതിൽ പിന്നേയേ മറ്റു മരുന്നുകൾ ചേർക്കാവൂ. വൃദ്ധവൈദ്യോപദേശമനുസരിച്ച് ഊറൽകളഞ്ഞെടുത്ത ഇഞ്ചിനീര് ചേർത്തരച്ചിട്ടാണ് ഈ ഗുളിക തയ്യാറാക്കിവരുന്നത്. കുറഞ്ഞത് മൂന്നു ദിവസമെങ്കിലും അരയ്ക്കേണ്ടതുണ്ട്.

രസൗഷധങ്ങൾ സേവിക്കുമ്പോൾ മാത്രയെയും മറ്റും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. രസൗഷധങ്ങളെന്നല്ല ഏതൊരൗഷധം സേവിപ്പിക്കുമ്പോഴും രോഗത്തിന്റേയും ശരീരത്തിന്റേയും ബലാബലങ്ങൾ നല്ല വണ്ണം ചിന്തിച്ചറിഞ്ഞിട്ടേ ഔഷധത്തിന്റെ അളവ് നിശ്ചയിക്കാവൂ. ഈ വിഷയത്തിൽ,

*"മനുഷ്യാണാം അല്പദേഹബലവത്വാദ് പ്രാചീനഗ്രന്ഥേഷൂക്തമാത്രാപേക്ഷയാ പാദപ്രമാണാ അർദ്ധാവാ മാത്രാദേയാ"*

എന്നുള്ള പ്രയോഗകുശലരായ ഗുരുക്കന്മാരുടെ ഉപദേശം എപ്പോഴും ഓർമ്മയിൽ വേണം.

ഉദ്ദേശിച്ചതിലും അധികം ദീർഘിച്ചുപോയ ഈ അനുഭവ വിവരണം അപൂർവ്വവൈദ്യനായിരുന്ന അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ടു ശ്രീ ഉണ്ണിമൂസ്സിനെ മനസാ സ്മരിച്ചുകൊണ്ട് സവിനയം സമർപ്പിക്കുന്നു.